(ബി) ആധാർ കാർഡും വോട്ടർപട്ടികയും തയ്യാറാക്കാൻ ശേഖരിച്ച വിവരങ്ങൾ ഓസ്പിയൻ ടെക്നോളജീസ് എന്ന ഒരു സ്വകാര്യ കമ്പനിക്ക് സർക്കാർ കൈമാറിയത് ഏത് തലത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ കമ്പനിയെ ഇതിനകം എന്തെല്ലാം നിലയിലുള്ള ജോലികൾ ഏൽപ്പിച്ചിട്ടുണ്ട് : ഇ-ഫയലിംഗ് സംവിധാനമൊരുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ : കമ്പനിയെ കണ്ടെത്തിയത് ടെണ്ടറിലൂടെയാണോ ;

(ഡി) ജനങ്ങളുടെ അടിസ്ഥാന വിവരശേഖരങ്ങളുടെ സൂക്ഷിപ്പ് സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിക്കാതെ സർക്കാർ നിയന്ത്രണത്തിൽ തന്നെ കൊണ്ടുവരാൻ തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ആധാർ സംബന്ധിച്ച വിവരങ്ങൾ സ്വകാര്യ കമ്പനിക്ക് നൽകിയെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആധാർ കാർഡിനായി ശേഖരിച്ച വിവരങ്ങൾ ഓസ്പിയൻ ടെക്നോളജീസ് എന്ന സ്വകാര്യ കമ്പനിക്ക് കൈമാറിയിട്ടില്ല.

(സി) ഓസ്പിയൻ ടെക്നോളജീസുമായി ചേർന്നാണ് സെക്രട്ടേറിയറ്റിൽ ഡി.ഡി.എഫ്.എസ്. സംവിധാനം കെൽട്രോൺ നടപ്പിലാക്കിയത്. സെക്രട്ടേറിയറ്റിൽ ഇപ്പോൾ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ മുഖാന്തിരമാണ്.

(ഡി) ആധാർ വിവരശേഖരണത്തിനായി അഖിലേന്ത്യാ തലത്തിൽ യു.ഐ.ഡി.എ.ഐ. നൽകിയ സോഫ്റ്റ് വെയർ ആണ് ഉപയോഗിക്കുന്നത്. വിവരങ്ങൾ വിവരശേഖരണ സമയത്തുതന്നെ എൻക്രിപ്റ്റ് ചെയ്താണ് ലഭിക്കുന്നത്. ഇത് ഡിക്രിപ്റ്റ് ചെയ്യുന്നതിന് പ്രത്യേക കീയും പാസ് വേഡും നൽകി സംരക്ഷണം ചെയ്തിട്ടുണ്ട്. ജനങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ആർക്കും ലഭ്യമാകാത്ത വിധത്തിൽ സർക്കാരിന്റെ ഡാറ്റാ ലഭ്യമാകാത്ത വിധത്തിൽ സർക്കാരിന്റെ ഡാറ്റാ സെന്ററിലാണ് സുരക്ഷിതമായി സൂക്ഷിച്ചിട്ടുള്ളത്.

പോലീസ് ഉദ്യോഗസ്ഥർക്കും കുടുംബങ്ങൾക്കും മെഡിക്കൽ ഇൻഷ്വറൻസ്

27 (*747) ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്കും കുടുംബങ്ങൾക്കും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനുള്ള ധനം എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.(ശ്രീ. രമേൽ ചെന്നിത്തല) : സർ,

(എ) 1-2-2014-ലെ സ.ഉ (എംഎസ്.) നമ്പർ 20/14/ആഭ്യന്തരം പ്രകാരം സംസ്ഥാന പോലീസ് സേനയിലെ 56000 സേനാംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കേരള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 28-2-2014-ലെ സ.ഉ (എംഎസ്.) 41/2014/ആഭ്യ നമ്പർ ഉത്തരവ് പ്രകാരം കേരളാ പോലീസ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്ന സേനാംഗങ്ങളുടെ കുടുംബാംഗങ്ങൾക്ക് കേരള ഗവ. സർവൻസ് മെഡിക്കൽ അറ്റൻഡൻസ് (KGSMA) നിയമത്തിന്റെ പരിരക്ഷയും നൽകിയിട്ടുണ്ട്.

(ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത് എന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാന സർക്കാരാണ് ഇതിനുള്ള പ്രീമിയം തുക അടയ്ക്കുന്നത്.

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സേനാംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുവാൻ താൽപ്പര്യമുള്ള ദേശസാൽകൃത ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും വിശദ വിവരങ്ങൾ ഉൾപ്പെടെയുള്ള താൽപ്പര്യപത്രം ക്ഷണിച്ചുകൊണ്ടുള്ള പരസ്യം കേരള പോലീസിന്റെ വെബ്സൈറ്റിലും, പ്രധാന പത്ര മാധ്യമങ്ങളിലും നൽകുന്നതിലേക്കായി സംസ്ഥാന പോലീസ് മേധാവി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മരം മുറിക്കൽ തടയുന്നതിന് നടപടി

28 (*748) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലായാൽ സ്വന്തം പുരയിടത്തിൽ നിന്നുപോലും മരംമുറിക്കാൻ കഴിയില്ലെന്ന് കർഷകരെ തെറ്റിദ്ധരിപ്പിച്ച് തടി മാഫിയ ഹൈറേഞ്ച് പ്രദേശങ്ങൾ വെട്ടിവെളുപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly